# അക്കാദമിക മാസ്റ്റർ പ്ലാൻ

## അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്

### ആമുഖം

പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ എല്ലാ പരിമിതികളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക, അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പഠനോപകരണങ്ങൾ സ്കൂളുകളിലെത്തിക്കുക, ഉന്നത നിലവാരത്തിൽ അധ്യയനം ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ അധ്യാപകപരിശീലനം നടപ്പിൽ വരുത്തുക, തനതായ ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക, കുട്ടികളുടെ കായിക, മാനസിക, സാമൂഹ്യ നിലവാരം ശക്തിപ്പെടുത്തുക, പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നീ മുഖ്യലക്ഷ്യങ്ങളാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനുള്ളത്.

ധാരാളം പ്രതിഭാസസമ്പന്നരെ സമൂഹത്തിന് സംഭാവന ചെയ്തുകൊണ്ട് നാടിന്റെ വികസനത്തിന് വെളിച്ചം നൽകിക്കൊണ്ടിരിക്കുന്ന എം.ജി.എം. എച്ച്.എസ്.എസ്. ഈങ്ങാപ്പുഴ സ്കൂളിലെ അക്കാദമിക മികവും പാഠ്യേതര പ്രവർത്തനങ്ങളുടെ വ്യത്യസ്ഥതയും കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വയ്ക്കുന്നു.

കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠനം നടത്തുന്ന എയ്ഡഡ് വിദ്യാലയം എന്ന പദവിയിലേക്ക് ഉയരാൻ സ്കൂളിനെ സഹായിച്ചത് രക്ഷിതാക്കളും പൊതുസമൂഹവും അർപ്പിച്ച വിശ്വാസ്യതയാണ്. അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിലാണ് സ്കൂൾ. 200 അധ്യയന ദിനങ്ങളും 1000 മണിക്കൂർ പഠനസമയവും ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. ജില്ലയിലെ സമരരഹിത സ്കൂൾ എന്ന ഖ്യാതി നേടാൻ കഴിഞ്ഞിട്ടുണ്ട്. അക്കാദമിക സമയം അല്പം പോലും നഷ്ടപ്പെടുത്താതെ അധിക സമയം അധ്യാപകരും കുട്ടികളും പ്രവർത്തിച്ചുകൊണ്ട് കുട്ടികളിൽ സർഗ്ഗശേഷിയും പഠനമികവും വളർത്താൻ ശ്രമിക്കുന്നു. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കായി ശ്രദ്ധ, നവപ്രഭ, റെമഡിയൽ ടീച്ചിംഗ് എന്നീ പ്രവർത്തനങ്ങളിലൂടെ തുല്യത ഉറപ്പു വരുത്താൻ ശ്രമം നടത്തുന്നു.

# സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യൂ ജില്ല | - | കോഴിക്കോട് |
| 2. | സ്കൂൾ കോഡ് | - | 47090 |
| 3. | സ്കൂളിന്റെ പേര് | - | എം.ജി.എം. എച്ച്.എസ്.എസ്. ഈങ്ങാപ്പുഴ |
| 4. | മേൽവിലാസം | - | പുതുപ്പാടി പി.ഒ., ഈങ്ങാപ്പുഴ, പിൻ-673 586 |
| 5. | ഇ.മെയിൽ അഡ്രസ്സ് | - | mgmhsPuduppadi@gmail.com |
| 6. | ഗ്രാമപഞ്ചായത്ത് | - | പുതുപ്പാടി ഗ്രാമപഞ്ചായത്ത് |
| 7. | വിദ്യാഭ്യാസ ജില്ല | - | താമരശ്ശേരി |
| 8. | ക്ലാസ്സുകൾ | - | 1 മുതൽ 12 വരെ |
| 9. | മാനേജ്മെന്റ് | - | എം.ഡി. കാതോലിക്കേറ്റ് & സ്കൂൾസ് കോട്ടയം |
| 10. | പഠനമാധ്യമം | - | ഇംഗ്ലീഷ് & മലയാളം |

## സ്കൂളിനെക്കുറിച്ച്

കോഴിക്കോട് ജില്ലയുടെ അതിർത്തി ഗ്രാമമായ പുതുപ്പാടിയിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ഈങ്ങാപ്പുഴ മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹൈസ്കൂൾ എം.ജി.എം.എച്ച്.എസ്.എസ്. എന്ന പേരിലാണ് പൊതുവെ അറിയപ്പടുന്നത്. 1951 -ൽ സ്ഥാപിച്ച ഈ വിദ്യാലയം കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിലൊന്നാണ്. മലയോര ഗ്രാമമായ പുതുപ്പാടിയിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയാണ് ഇത്. 765 ൽ പരം വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രമാണ് ഈ വിദ്യാഭ്യാസസ്ഥാപനം.

## ചരിത്രം

1951 ഒക്ടോബർ 10-ാം തീയതി മണമേൽ ശ്രീ. എം.സി. പോത്തൻ വക എസ്റ്റേറ്റിലെ ജീവനക്കാരുടെ കുട്ടികളുടെ പഠനത്തിനായി ചെറിയ ഒരു ഓല ഷെഡിൽ 20 കുട്ടികളുമായി റവ. ഫാ.എൻ.വി. അലസ്കാണ്ടറുടെ നേതൃത്വത്തിൽ രണ്ട് അദ്ധ്യാപകരുടെ സഹകരണത്തോടെ ന്യൂ എൽ.പി. സ്കൂളായി ആരംഭിച്ച ഈ സ്ഥാപനം മണമേൽ ശ്രീ. എം.പി. ചെറിയാൻ മാനേജരായിരിക്കുമ്പോൾ 1959 ൽ എൻ.എ.യു.പി. സ്കൂളായി ഉയർത്തപ്പെട്ടു. മലയോര മേഖലയായ പുതുപ്പാടി പഞ്ചായത്തിൽ 102/21 സർവേ നമ്പർ പ്രകാരം പരപ്പൻപാറ പുഴയ്ക്കും കാക്കവയൽ റോഡിനുമിടയ്ക്കായി നാലര ഏക്കർ സ്ഥലത്ത് ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. സ്കുളിന്റെ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. ഗോപാലൻ മാസ്റ്റർ നൻമണ്ടയും ആദ്യത്തെ വിദ്യാർത്ഥി സീതാലക്ഷ്മിയുമാണ്. ആദ്യത്തെ മാനേജർ ശ്രീ. എം.പി. പോത്തനും ശ്രീ. എം.പി. ചെറിയാനുമാണ്. 1974 ൽ ഈ സ്ഥാപനം മണമേൽ കുടുംബക്കാർ മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് മാനേജ്മെന്റിനു കൈമാറി. തുടർന്ന് 1983 ജൂൺ 15-ാം തീയതി ഈ സ്ഥാപനം മലങ്കര സഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 2005 ൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

## ഭൗതികസൗകര്യങ്ങൾ

നാലര ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന് 12 കെട്ടിടങ്ങളിലായി 85 ക്ലാസ്സ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിട ത്തിലായി 6 ക്ലാസ്സ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാ ലയത്തിനുണ്ട്.

## ഐ സി. ടി. ലാബ്

ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, യു.പി. സ്കൂൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ ലാബ് വെവ്വേറെ ഉണ്ട്. ലാബ് സ്കൂൾ പ്രവർത്തന സമയങ്ങളിൽ തുടർച്ചയായി പ്രവർത്തിക്കുന്നു.

## എം.ജി.എം. സ്പോർട്ട്സ് അക്കാഡമി

എം.ജി.എം. സ്പോർട്ട്സ് അക്കാഡമി എന്ന പേരിൽ ഒരു സ്പോർട്സ് പരിശീലനകേന്ദ്രം ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ഞായറാഴ്ചക ളിലും അവധി ദിവസങ്ങളിലും വിവിധ കായിക ഇനങ്ങൾക്ക് പരിശീലനം നൽകിവരുന്നു. ക്രിക്കറ്റ്, ഫുട്ബോൾ, ഹോക്കി, ഹാൻഡ്ബോൾ, ഖോ-ഖോ, ബേസ്ബോൾ, വടംവലി എന്നിവകളിൽ സംസ്ഥാന, നാഷണൽ ലവലിൽ തന്നെ മികച്ച വിജയം നേടികൊണ്ടിരിക്കുന്നു.

## ലൈബ്രറി

വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറി വിദ്യാലയത്തി ലുണ്ട്. 3000 ത്തോളം പുസ്തകങ്ങൾ വിവിധ വിഭാഗങ്ങളിലായി ഉണ്ട് എല്ലാ ക്ലാസ് മുറികളിലും ക്ലാസ് ലൈബ്രറികൾ ഉണ്ട്. സ്റ്റാഫ് റൂം ലൈബ്രററിയും പ്രവർത്തിക്കുന്നുണ്ട്.

## ഉച്ചഭക്ഷണ വിതരണം

ഈ വിദ്യാലയത്തിൽ 1700 ഓളം വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിത രണം ചെയ്യുന്നുണ്ട്. ഒരു പാചകപ്പുരയും നിരവധി അടുപ്പും, ഒരു സ്റ്റോറൂമും നിലവിലുണ്ട്. പാചക തൊഴിലാളികളുടെ അവിശ്രമ സേവനം ഇതിനെ ഭംഗി യായി നിലനിർത്തുന്നു.

## കൊച്ചുകുട്ടികളുടെ കളിസ്ഥലം

ലോവർ പ്രൈമറി സ്കൂൾ കുട്ടികൾക്കു വേണ്ടി പ്രത്യേക ഗ്രൗണ്ടും, കളി ഉപകരണങ്ങളും ആണ് ഉള്ളത്. കുട്ടികൾക്ക് ആകർഷകം തോന്നിക്കുന്ന പെയിന്റിംഗും തണൽവൃക്ഷവും ഒരുക്കിയിരിക്കുന്നു.

ഹൈസ്കൂളിനും അപ്പർ പ്രൈമറിയ്ക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- വിദ്യാരംഗം കലാ സാഹിത്യവേദി
- സയൻസ് ക്ലബ്
- ഐടി ക്ലബ്
- സോഷ്യൽ സയൻസ് ക്ലബ്
- റോഡ് സുരക്ഷാ ക്ലബ്ബ്
- ഇംഗ്ലീഷ് ക്ലബ്ബ്
- ഗണിത ക്ലബ്ബ്

## മാനേജ്മെന്റ്

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് മാനേജ്മെന്റാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. നിലവിൽ 46 വിദ്യാലയങ്ങൾ ഈ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമനസുകൊണ്ട് കോർപ്പറേറ്റ് മാനേജരായും ശ്രീമതി. മേരി ഫിലിപ്പോസ് തരകൻ പ്രിൻസിപ്പലായും ശ്രീ. അനീഷ് ജോർജ്ജ് സ്കൂൾ പ്രധാന അദ്ധ്യാപകനായും സേവനമനുഷ്ഠിക്കുന്നു.

## **പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ**

ഡോ. അബ്ദുൾ ഹക്കീം (പ്രശസ്ത ഓർത്തോ സർജൻ)

റ്റി.എം. പൗലോസ് - പുതുപ്പാടി മുൻ പഞ്ചായത്ത് പ്രസിഡണ്ട്

ഡോ. നീതു ബെന്നി

മുഹമ്മദ് അജ്സൽ (സന്തോഷ് ട്രോഫി ഫുട്ബോൾ താരം)

ഡോ. ലിജീഷ് എ.എൽ.

ഡോ. അമൽ

വിനോദ് റ്റി.കെ. IAS (മലപ്പുറം ജില്ലാ കളക്ടർ)

## **സൗകര്യങ്ങൾ**

പഠനനിലവാരത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും എം.ജി.എം.എച്ച്. എസ്. ഈങ്ങാപ്പുഴ വിദ്യാഭ്യാസ ജില്ലയിൽ മുൻനിരയിൽ നിൽക്കുന്നു. 80 ക്ലാസ്സ് മുറികൾ, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ഗണിതശാസ്ത്ര ലൈബ്രറി, എല്ലാ ക്ലാസ്സ് മുറികളിലും പ്രൊജക്ടർ, ലാപ്ടോപ് തുടങ്ങിയവ സജ്ജമാക്കിയിരിക്കുന്നു. കുട്ടികൾക്ക് കളിക്കുന്നതിനും അവരുടെ ശാരിരിക വികസനത്തിനും ഉതകുന്ന വിശാലമായ കളിസ്ഥലം, ആവശ്യത്തിന് കുടിവെള്ള സൗകര്യം എന്നിവ ലഭ്യമാണ്.

## **സ്കൂൾ ഓഫീസ്**

സ്കൂൾ ഓഫീസ് വളരെ ഭംഗിയായി പ്രവർത്തിക്കുന്നു. ഹെഡ്മാസ്റ്റർ, രണ്ടു ക്ലർക്ക്, രണ്ട് ഓഫീസ് സ്റ്റാഫ്, മൂന്നു മീനിയൽസ് എന്നിവരാണ് ഓഫീസിന്റെ ജീവനാഡികൾ. 100 അദ്ധ്യാപകരുടെയും, 2282 ഓളം വിദ്യാർത്ഥികളുടെയും ഡേറ്റകൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിനും പ്രത്യേകം ഓഫീസ് ഉണ്ട്.

## **ക്ലാസ്സ് മുറികൾ**

90 ക്ലാസ്സ് മുറികൾ വിദ്യാലയത്തിലുണ്ട്. 34 മുറികളും സ്മാർട്ട് ക്ലാസ് റൂമാണ്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസുകൾ പൂർണമായും വൈദ്യുതീകരിച്ചതും ഇന്റർനെറ്റ് സേവനം ലഭ്യമാകുന്ന തരത്തിൽ ലോക്കൽ നെറ്റ് വർക്കിംഗും നടത്തിയിട്ടുണ്ട്.

## അദ്ധ്യാപകർ

ഈ വിദ്യാലയത്തിൽ ആകെ 85 അദ്ധ്യാപകർ ഉണ്ട്. പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലായി എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിനു പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനമാണ് ഉള്ളത്.

## അദ്ധ്യപക രക്ഷകർത്ത്യസമിതി (PTA)

സ്കൂൾ അദ്ധ്യാപക രക്ഷാകർത്തൃസമിതി ശക്തമാണ്. പ്രിൻസിപ്പൽ ഹെഡ്മാസ്റ്റർ എന്നിവരെ കൂടാതെ 15 പേർ കമ്മറ്റിയിലുണ്ട്. സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കമ്മറ്റിയിൽ ചർച്ച ചെയ്ത് ഭംഗിയായി നടപ്പിലാക്കുന്നു.

## സ്കൂൾ ബസ്

നാല് സ്കൂൾ ബസുകളെ ആശ്രയിച്ച് 500 ഓളം കുട്ടികൾ വിദ്യാലയത്തിലെത്തുന്നു. സ്കൂൾ സ്റ്റാഫിന്റെ സഹകരണത്തോടെയാണ് ബസുകൾ വിദ്യാലയം സ്വന്തമാക്കിയത്.

## കൃഷിയിടം

കുട്ടികളെ കൃഷിപാഠങ്ങൾ പഠിപ്പിക്കുവനായി ചെറിയ കൃഷിയിടം തയ്യാറാക്കിയിട്ടുണ്ട്. ലഭിക്കുന്ന വാഴക്കുല ലേലത്തിൽ വക്കാറാണ് പതിവ്. ലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് കറികൾക്ക് ഉപയോഗിക്കുന്നു.

## പഠനോപകരണ വിൽപന സ്റ്റോർ

വിദ്യാലയത്തിൽ പഠനോപകരണ വിതരണസ്റ്റോർ പ്രവർത്തിക്കുന്നു. ഒന്നു മുതൽ +2 വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും ഇവിടെ ലഭ്യമാണ്. ഇത് താമരശ്ശേരി സബ്ജില്ലയിലെ ക്ലസ്റ്റർ സൊസൈറ്റിയായതിനാൽ വിവിധ വിദ്യാലയങ്ങളിലേക്ക് ഇവിടെ നിന്നാണ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത് വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങളും വിൽക്കുന്നുണ്ട്. രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ഫോട്ടോ കോപ്പികളും എടുത്തു നൽകാറുണ്ട്.

## വിദ്യാർത്ഥികൾ

കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ആൺ | പെൺ | കുട്ടികളുടെ എണ്ണം |
|---|---|---|---|
| Std V | 62 | 45 | 107 |
| Std VI | 47 | 40 | 87 |
| Std VII | 64 | 70 | 134 |

**ENGLISH MEDIUM**

| Class | Boys | Girls | Total |
|---|---|---|---|
| Std V | 74 | 86 | 160 |
| Std VI | 61 | 73 | 134 |
| Std VII | 73 | 70 | 143 |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## ഉള്ളടക്കം


| നമ്പർ | തലക്കെട്ട് | പേജ് |
|---|---|---|
| 1 | ആമുഖം | 01 |
| 2. | അടിസ്ഥാന വിവരങ്ങൾ | 2 - 9 |
| 3. | അക്കാദമിക പരിമിതികൾ | 10 - 11 |
| 4. | പൊതുലക്ഷ്യങ്ങൾ | 12 - 13 |
| 5. | സാമ്പത്തിക വിശകലനം | 14 - 15 |
| 6. | മലയാളം (യു.പി.) | 16 - 17 |
| 7. | സംസ്കൃതം (യു.പി) | 18 - 20 |
| 8. | അറബിക് (യു.പി.) | 21 - 22 |
| 9. | ഉറുദു (യു.പി) | 23 |
| 10. | ഇംഗ്ലീഷ് (യു.പി.) | 24 - 26 |
| 12. | ഹിന്ദി (യു.പി.) | 27 - 29 |
| 13. | ഗണിതം (യു.പി.) | 30 - 32 |
| 14. | അടിസ്ഥാന ശാസ്ത്രം (യു.പി.) | 33 - 35 |
| 14. | സാമൂഹ്യശാസ്ത്രം (യു.പി.) | 36 - 39 |
| 15. | ഉപസംഹാരം | 40 |

# അക്കാദമിക പരിമിതികൾ

1. വിദ്യാഭ്യാസരംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യമായ ഗുണ മേന്മ ഉറപ്പു വരുത്തേണ്ടതുണ്ട്.

2. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസത്തിനുതകുന്ന പഠനാന്ത രീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ സാധ്യതകൾ (ഐസിറ്റി, പഠനവിഭവ സിഢി, അക്കാദമിക പോർട്ടൽ, ഐറ്റി ലാബ്,  നവമാധ്യമ സാധ്യത) പ്രയോജനപ്പെടുത്തുന്നതിന് കഴി യേണ്ടതുണ്ട്.

3. പഠനമികവുള്ള കുട്ടികൾക്കായി അവരുടെ സർഗ്ഗശേഷിയുടെ വളർച്ച യ്ക്കാവശ്യമായ അധിക പഠനാനുഭവങ്ങൾ ഒരുക്കികൊടുക്കേണ്ടതു ണ്ട്.

4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം, സമൂഹ്യ സാഹചര്യം എന്നിവ മനസ്സിലാക്കി പിന്നോക്കാവസ്ഥ മാറ്റി യെടുക്കുന്നതിന് സാധിക്കുന്നില്ല.

5. ഗുണമേന്മ വിദ്യഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.

6. സംഗീതം, നൃത്തം, അഭിനയം, ചിത്രരചന, ശില്പനിർമ്മാണം തുട ങ്ങിയ സർഗ്ഗാത്മ കഴിവുകൾ വളർത്തിയെടുക്കുന്നതിന് സ്കുളിനോ ടനുബന്ധിച്ച് ഒരു കലാകേന്ദ്രം ഉണ്ടാകേണ്ടതുണ്ട്.

7. കുട്ടികളുടെ ആരോഗ്യ-കായിക വളർച്ച ലക്ഷ്യം വച്ചുകൊണ്ട് വിവിധ പരിശീലനങ്ങൾ (യോഗ, കളരി, നീന്തൽ, തായ്ക്കൊണ്ട്, എയറോബി ക്സ്..) നൽകുന്നതിന് സ്ഥലപരിമിതി തടസ്സം നിൽക്കുന്നു.

8. സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ഗ്രാമീണ ഗ്രന്ഥശാലകൾ ഇവയെ ഉപയോഗിച്ചുകൊണ്ട് വായനയുടെ പുതുലോകത്തേക്ക് കുട്ടികളെ നയി ക്കേണ്ടതുണ്ട്.

9. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ലക്ഷ്യത്തോടെ വിവിധ ആശ യങ്ങളും വസ്തുതകളും ചിത്രീകരിച്ചുകൊണ്ട് ക്ലാസ്മുറികളും സ്കൂൾ പരിസരവും ആകർഷകമാക്കാൻ കഴിയണം.

10. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ലക്ഷ്യത്തോടെ സ്കൂളിന് സമീപം ജൈവ വൈവിധ്യപാർക്ക് നിർമ്മിച്ചുകൊണ്ട് കുട്ടികളിൽ പാരിസ്ഥിതികാവബോധവും ഉണ്ടാക്കാൻ സ്ഥലപരിമിതി തടസ്സം സൃഷ്ടിക്കുന്നു.

11. സി.പി.ടി.എ., എം.പി.ടി.എ., പി.ടി.എ., എസ്.എസ്.ജി. പൂർവ്വവിദ്യാർത്ഥി പൂർവ്വാധ്യാപക സംഘടനകൾ എന്നീ കൂട്ടായ്മകളെ ശക്തിപ്പെടുത്തികൊണ്ട് പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്.

12. ജനാധിപത്യ ബോധം, വിമർശനാത്മകചിന്ത, സംവാദാത്മക പഠനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുന്നില്ല.

13. ജീവിതനൈപുണിയും, തൊഴിൽ പരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നു.

14. പാഠ്യേതര പ്രവർത്തനങ്ങൾക്കും, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന സ്കൂൾ കൂട്ടായ്മകൾ (വിവിധ ക്ലബ്ബുകൾ, എസ്.പി.സി, സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി., സൗഹൃദ ക്ലബ്ബ്, എൻ.എസ്.എസ്., കരിയർ ഗൈഡൻസ്..) ശക്തിപ്പെടുത്തേണ്ടതുണ്ട്.

15. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന എസ്.ആർ.ജി. സബ്ജക്ട് കൗൺസിൽ എന്നിവ ശക്തിപ്പെടുത്തേതുണ്ട്.

16. സ്കൂൾ അസംബ്ലി ചിട്ടപ്പെടുത്തി കുട്ടികളിൽ അച്ചടക്ക ശീലവും മൂല്യബോധവും വളർത്തിയെടുത്തേണ്ടതുണ്.

# പൊതുലക്ഷ്യങ്ങൾ

1. ഭാഷാപരമായ ശേഷികളുടെ വികസനം
2. ഗണിതപരമായ ശേഷികളുടെ വികസനം
3. ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ
4. ജനാധിപത്യബോധവും വിമർശനാത്മക ചിന്തയും വളർത്തി കുട്ടികളിൽ സാമൂഹ്യ ശാസ്ത്രവബോധം വളർത്തുക.
5. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, വിദ്യാഭ്യാസ ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുക.
6. ആധുനിക സാങ്കേതികവിദ്യയുടെ (ഐ.സി.ടി. പഠനവിഭവ സിദ്ധി, അക്കാദമിക പോർട്ടലുകൾ, ഇന്ററാക്ടീവ് ക്ലാസ്സ് റൂം, നവമാധ്യമസാധ്യത) വിവിധ വശങ്ങൾ പ്രയോജനപ്പെടുത്തി പഠനംകൂടുതൽ അനായാസവും താലപര്യമുണർത്തുന്നതും ആക്കു ക.
7. നിലവാരമുള്ള കുട്ടികളെ കൂടുതൽ പരിശീലനം നൽകി ഉയർന്ന നിലവാരത്തി ലെത്തിക്കുക.
8. സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥ മൂലം പഠന പിന്നോക്കാവസ്ഥ നേരി ടുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകി മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുക.
9. സംഗീതം, നൃത്തം, ചിത്ര (ശില്പ)കല, അഭിനയം എന്നീ മേഖലകളിൽ മികച്ച കുട്ടികളെ കണ്ടെത്തി സർഗ്ഗശേഷി വളർത്തുന്നതിന് പ്രത്യേക കലാകേന്ദ്രം സ്ഥാപിക്കു ക.
10. കുട്ടികളുടെ ആരോഗ്യ-കായിക ശേഷികളുടെ വളർച്ചയ്ക്കാവശ്യമായ പരിശീ ലനം നൽകി (യോഗ, കളരി, തായ്കൊണ്ട, നീന്തൽ, എയ്റോബിക്സ്) മികവുറ്റ താക്കുന്നു.
11. സ്കൂൾ ലൈബ്രറി നവീകരണം, ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, ഗ്രാമീണ ഗ്രന്ഥ ശാലകളുടെ ഉപയോഗം എന്നിവയിലൂടെ പുതിയൊരു വായന സംസ്കാരം വളർത്തിയെടുക്കുക.
12. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കുന്നതിന് (ഭാഷ, ഗണി തം, സയൻസ്, സാമൂഹ്യശാസ്ത്രം) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ആശ യങ്ങളും ചിത്രങ്ങളും ഉപയോഗിച്ച് ക്ലാസ്സിന്റെ ചുമരുകളും സ്കൂൾ പരി സരവും ആകർഷകമാക്കണം.
13. വിദ്യാലയത്തിന്റെ സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വിദ്യാലയം ഒരു പാഠ പുസ്തകം എന്ന ആശയത്തിലൂന്നി ജൈവ വൈവിധ്യപാർക്ക് സ്ഥാപിക്കണം.
14. പെൺകുട്ടികളിൽ സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് കരാട്ടെ, തൈയ്കോണ്ടേ, കളരി തുടങ്ങിയവയിൽ പരിശീലനം നല്കി സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുക.

15. വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നല്കി കുട്ടികൾക്ക് ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധ പ്രശ്ന ങ്ങൾക്ക് പരിഹാരം കണ്ടത്തുക. (ഗൃഹസന്ദർശനം, നിരീക്ഷണം, അഭിമുഖം, കൗൺസലിങ്ങ് എന്നീ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാവുന്നതാണ്)

16. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എത്തിക്കുന്നതിന് വിദ്യാ ലയ കൂട്ടായ്മകൾ (സി.പി.ടി.എ, എ.പി.ടി.എ., പി.ടി.എ., എസ്.എം.സി., പൂർവ്വ വിദ്യാർത്ഥി-പൂർവ്വാധ്യാപക സംഘടനകൾ) ശക്തിപ്പെടുത്തണം.

17. സംവാദാത്മക പഠനത്തിന് പ്രാധാന്യം നൽകികൊണ്ട് കുട്ടികളിൽ ജനാധിപത്യ ബോധം, വിമർശനാത്മക ചിന്ത എന്നിവ വളർത്തിയെടുക്കുന്നതിന് മോഡൽ പാർലമെന്റ് നടപ്പിലാക്കണം.

18. പാഠ്യേതരപ്രവർത്തനങ്ങൾക്കും, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന സ്കൂൾ കൂട്ടായ്മകൾ (വിവിധ ക്ലാസുകൾ, എസ്.പി.സി., സീഡ്, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി., കരിയർ ഗൈഡൻസ്, സൗഹൃദക്ലബ്ബ്) ശക്തിപ്പെടുത്തണം.

19. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണവും നിർവ്വ ഹണവും വിലയിരുത്തലും നടത്തണം.

20. കാർഷിക പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങൾ, കാരുണ്യ പ്രവർത്തന ങ്ങൾ എന്നിവയിലൂടെ ത്യാഗം, സേവന സന്നദ്ധത, പരിസ്ഥിതികാവബോധം, എന്നീ മനോഭാവങ്ങൾ/മൂല്യങ്ങൾ കുട്ടികളിലെത്തിക്കണം.

21. ഭാഷാ പ്രാവീണ്യം, നേതൃത്വപാടവം, സർഗ്ഗാത്മശേഷി, ഇവ വളർത്തിയെടുക്കു ന്നതിന് സ്കൂൾ റേഡിയോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാം.

22. കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി ലാബ് നവീകരണം, ഒരു നൂറ് പരീക്ഷണങ്ങൾ, ശാസ്ത്രസാങ്കേതിക മ്യൂസിയം സന്ദർശനം എന്നിവ നട ത്തണം.

23. പുകവലി, മദ്യം, ലഹരി മരുന്ന് ഇവ ഉപയോഗിക്കുന്നതിനെതിരെ കുട്ടികൾക്ക് അവബോധം ഉണ്ടാകുന്നതിനായി സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ വിവിധ പ്രവർത്തനങ്ങൾ (തെരുവ് നാടകം, മാഗസിൻ നിർമ്മാണം, സ്കോഡ് പ്രവർത്തനം, പോസ്റ്ററിംഗ്) ഏറ്റെടുക്കുന്നതാണ്.

24. കൗമാരപ്രായക്കാരായ കുട്ടികൾക്ക് ജീവിത സാഹചര്യങ്ങളെ മാനസികാരോ ഗ്യത്തോടെ നേരിടാൻ പ്രാപ്തരാക്കുന്നതിന് സൗഹൃദക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്സുകളും ക്യാമ്പുകളും നടത്തുന്നതാണ്.

25. ജനാധിപത്യത്തിന്റെ നെടുംതൂണുകളിലൊന്നായ മീഡിയയെ സ്കൂൾ വിദ്യാഭ്യാ സത്തിൽ പ്രയോജനപ്പെടുത്തുംവിധം സ്കൂൾ ചാനൽ ആരംഭിച്ചിരിക്കുന്നതാ ണ്.

26. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി നീന്തൽക്കുളം നിർമ്മാണം.

# സാമ്പത്തിക വിശകലനം

## പൊതുലക്ഷ്യങ്ങൾ

| | | |
|---|---|---|
| 1. | തുല്യത, ഗുണത | 50000 |
| 2. | ആധുനിക സാങ്കേതിക വിദ്യ | 100000 |
| 3. | പ്രതിഭാകേന്ദ്രം | 100000 |
| 4. | ശ്രദ്ധ, നവപ്രഭ, മൈഡിയർ ടീച്ചിംഗ് | 200000 |
| 5. | കലാകേന്ദ്രം | 200000 |
| 6. | കളരി, തായ്ക്കൊണ്ട, യോഗ | 200000 |
| 7. | നല്ലവായന, നല്ല പഠനം, നല്ല ജീവിതം | 200000 |
| 8. | സ്കൂൾ, ക്ലാസ്സ് ബ്യൂട്ടിഫിക്കേഷൻ | 400000 |
| 9. | ജൈവ വൈവിധ്യപാർക്ക് | 400000 |
| 10. | വിദ്യാലയകൂട്ടായ്മകൾ | 10000 |
| 11. | മോഡൽ പാർലമെന്റ് | 50000 |
| 12. | തൊഴിൽ നൈപുണി കേന്ദ്രം | 200000 |
| 13. | ഏൺ & ലോൺ പദ്ധതി | 200000 |
| 14. | സ്കൂൾ കൂട്ടായ്മകൾ | 50000 |
| 15. | കാർഷിക പ്രവർത്തനങ്ങൾ | 50000 |
| 16. | സ്കൂൾ റേഡിയോ | 100000 |
| 17. | ഒരു നൂറ് പരീക്ഷണങ്ങൾ | 200000 |
| 18. | ലഹരി വിരുദ്ധ പ്രവർത്തനം | 50000 |
| 19. | സൗഹൃദ ക്ലബ്ബ് | 50000 |
| 20. | സ്കൂൾ ചാനൽ | 200000 |
| 21. | നീന്തൽ കുളം | 2500000 |
| | **ആകെ** | **5510000** |

## സവിശേഷ ലക്ഷ്യങ്ങൾ - വിഷയാടിസ്ഥാനത്തിൽ

| | | |
|---|---|---|
| 22. | യു.പി. വിഭാഗം (മലയാളം) | 65000 |
| 23. | യു.പി. വിഭാഗം (ഇംഗ്ലീഷ്) | 85000 |
| 24. | യു.പി. വിഭാഗം (ഹിന്ദി) | 75000 |
| 25. | യു.പി. വിഭാഗം (ഗണിതം) | 65000 |
| 26. | യു.പി. വിഭാഗം (സയൻസ്) | 60000 |
| 27. | യു.പി. വിഭാഗം (സോഷ്യൽ സയൻസ്) | 80000 |
| 28. | യു.പി. വിഭാഗം (സംസ്കൃതം) | 45000 |
| 29. | യു.പി. വിഭാഗം (ഉറുദു) | 60000 |
| 30. | യു.പി. വിഭാഗം (അറബി) | 65000 |
| 31. | ലൈബ്രറി നവീകരണം | 150000 |
| | **ആകെ** | **7,50000/-** |

# മലയാളം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ ശേഷി വികസനം | വായന | ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | വായനകാർഡ്<br>റീഡിംഗ്<br>മെറ്റീരിയൽ | |
| | | ലേഖനം | തെറ്റില്ലാതെ ആശയക്രമീകരണത്തോടെയും എഴുതാനുള്ള ശേഷി നേടുന്നു. | | കഥ, കവിത,<br>പുസ്തകങ്ങൾ | |
| | | ജീവചരിത്ര കുറുപ്പ് | | | | |
| 2 | സർഗ്ഗാത്മക ശേഷി വികസനം | ആസ്വാദനം | വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | കഥ, കവിത,<br>പുസ്തകങ്ങൾ<br><br>പേപ്പർ,<br>ചാർട്ട്,<br>പെൻ | |
| | | പത്രവാർത്ത | | | | |
| | | സർഗ്ഗസൃഷ്ടി | വിവിധ വ്യവഹാരരൂപത്തിലുള്ള സാഹിത്യരൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | | |
| | വായന | ലൈബ്രറി പുസ്തകങ്ങൾ ആസ്വദിക്കുന്നു. | ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂളിലെ ലൈബ്രറികളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാൻ താല്പര്യം ഉണ്ടാകുന്നു. | എല്ലാ മാസത്തിലും | പി.ടി.എ.,എം.പി.ടി.എ.<br>സ്കൂൾ<br>ലൈബ്രറി<br>ക്ലാസ്സ്<br>ലൈബ്രറി | |

## ലക്ഷ്യം :- മലയാള ഭാഷാപരമായ ശേഷികളുടെ വികസനം

**<u>ഉപലക്ഷ്യങ്ങൾ:</u>**

1. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.
2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.
3. വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.
4. വിവിധ സാഹിത്യരൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.
5. ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

## മേഖല: അക്കാദമികം ഉപമേഖല : സംസ്കൃതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. അടിക്കുറിപ്പ്<br>6. ചിത്രം - കഥപറയൽ<br>7. ചിത്രം- കഥ എഴുതൽ<br>8. കഥാപുസ്തകം നൽകൽ | 2 മാസം<br>ഹ്രസ്വം<br>ഹ്രസ്വം | പുസ്തകങ്ങൾ | BRC<br>PTA |
| 2 | കുട്ടികളിൽ സംസ്കൃതഭാഷയുടെ പ്രാധാന്യം മനസ്സിലാക്കൽ | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല ക്ലാസ്സ് ലൈബ്രറി<br>3. വായനോത്സവം<br>4. വായനാനുഭവം പങ്കുവെയ്ക്കൽ<br>5. വായനക്കുറിപ്പ്, പതിപ്പ്<br>6. ദിനാചരണങ്ങൾ<br>7. ആസ്വാദകരമായ വായന | മധ്യം | ക്ലാസ്സ്<br>ലൈബ്രറി | BRC<br>PTA |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ട രൂപീകരണം<br>2. ക്ലാസ്സ് ലൈബ്രറി<br>3. വിവിധ സാഹത്യശാഖകൾ, പരിചയപ്പെടൽ<br>4. ബാലസഭ | ഹ്രസ്വം | ലൈബ്രറി<br>പുസ്തകങ്ങൾ | PTA |

## ലക്ഷ്യങ്ങൾ

1. എല്ലാവർക്കും എഴുത്തും വായനയും
2. വായനക്കൂട്ടം, എഴുത്തുക്കൂട്ടം
3. ക്ലാസ്സ് ലൈബ്രറി
4. ക്ലാസ്സ് സഭ
5. വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
6. ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
7. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
8. എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.

## പ്രവർത്തനങ്ങൾ

**1. സംസ്കൃതനിലാവ് (പ്രീ ടെസ്റ്റ്)**

പ്രീ ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.

**2. അക്ഷരം ഉറപ്പിക്കൽ (ഹ്രസ്വം)**

ചിത്രങ്ങളിലൂടെ സംസ്കൃത അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

**3. അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്രത്തിന്റെ സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു.

**4. അക്ഷരങ്ങൾ, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

**5. ചിത്രം – അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിക്കൽ, അധ്യാപകന്റെ സഹായത്തോടെ എഴുതൽ

**6. കഥാപുസ്തകം – നൽകൽ**

വായന,കുറിപ്പ് തയ്യാറാക്കൽ

**7. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

**8. വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു.
ആവശ്യമായ കൂട്ടിചേർക്കൽ നടത്തന്നു.
പതിപ്പ് പ്രകാശനം

**9. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**10. എഴുത്തുകൂട്ട രൂപീകരണം**

കുട്ടികളെ 5 വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന എന്നിവ സംഘടിപ്പിക്കുന്നു.

**11. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ മലയാളസാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ**

**12. വ്യക്തിഗതരചന, സംഘരചന**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ

**13. പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലിയിൽ അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

# അറബി യു.പി. വിഭാഗം

## ലക്ഷ്യം :- അറബി ഭാഷാപരമായ ശേഷികളുടെ വികസനം

**ഉപലക്ഷ്യങ്ങൾ:**

1. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.
2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.
3. കുട്ടികളുടെ സർഗാത്മക കഴിവ് വികസിപ്പിക്കുന്നതിനുള്ള അവസര മൊരുക്കുന്നു.
4. അനായാസം ഭാഷാ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു.

| ശേഷി | പ്രവർത്തനം |
|---|---|
| 1. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കുന്നതിനുള്ള ശേഷി നേടുന്നു. | മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ സഹായത്തോടെ വായനക്കുള്ള അവസരം<br>പുസ്തകവായന, വായനാമത്സരം<br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കഥ സഹായത്തോടെ ക്ലാസ്സ് നൽകുന്നു. |
| 2. ഒഴുക്കോടെയും വടിവോടെയും തെറ്റില്ലാതെ എഴുതാനുള്ള ശേഷി | പ്രിടെസ്റ്റ്<br>ഗ്രൂപ്പ് വർക്<br>പദകേളി എന്നിവ ക്ലാസ് തലത്തിൽ നടത്തുന്നു. |
| 3. കുട്ടികളുടെ സർഗാത്മക കഴിവ് വികസിപ്പിക്കുന്നതിനുള്ള അവസര മൊരുക്കുന്നു. | ക്ലാസ് തലത്തിൽ പദപയറ്റ്, വായനമത്സരം, തർജ്ജമ, സംഘഗാനം എന്നിവ നടത്തുന്നു.<br>മാഗസിൻ നിർമ്മാണം അറബിവാക്കുകൾ ഉപയോഗി ച്ചുള്ള ചിത്രരചന. |
| 4. അനായാസം ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി | അറബി ഉപചാരവാക്കുകൾ ക്ലാസ് തലത്തിൽ കൂടുതൽ ഉപയോഗിക്കാനും, സംസാരിക്കാനുമുള്ള പ്രവർത്തനം.<br>+2 വിലെ അറബിക് അധ്യാപകനുമായി ഒരു അഭിമുഖം സംഘടിപ്പിക്കാനും, കൂടുതൽ പദങ്ങൾ കണ്ടെത്താനുമുള്ള ഒരു പ്രവർത്തനം നൽകണമെന്ന് തീരുമാനിച്ചു. |

| സമയം/കാലം | ഹ്രസ്വം/ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ജൂൺ<br>ജൂലൈ | ഹ്രസ്വം | ഭാഷാധ്യപകൻ | വായനാസാമഗ്രിചാർട്ട് പേപ്പർ, മാർക്കർ പെൻ<br>പേപ്പർ<br>പേന<br>ചിത്രവായന | SRG<br>രക്ഷിതാക്കൾ |
| ആഗസ്റ്റ് മുതൽ മാർച്ച് വരെ | ദീർഘം | ഭാഷാധ്യാപകർ | പേപ്പർ, പേന, A4, Note book | കുട്ടികൾ<br>രക്ഷിതാക്കൾ |
| ജൂൺ 3<br>ആഴ്ച | ഹ്രസ്വം | ഭാഷാധ്യാപകർ | പ്രീടെസ്റ്റ് അക്ഷര കാർഡ്, പുസ്തങ്ങൾ | രക്ഷിതാക്കൾ,<br>കുട്ടികൾ |
| 10 മാസം<br>ജൂലൈ<br>മുതൽ മാർച്ച്<br>വരെ | ദീർഘം | ഭാഷാധ്യാപകർ | മാഗസിൻനിർമ്മാണം<br>(പേപ്പർ, പേന,<br>കളർപേന, കമ്പ്യൂട്ടർ,<br>ടെസ്റ്റ് ബുക്ക്,<br>നോട്ട് ബുക്ക്) | കുട്ടികൾ<br>രക്ഷിതാക്കൾ<br>അധ്യാപകർ |

## മേഖല: അക്കാദമികം

## ഉപമേഖല : ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷയെ പരിചയപ്പെടുത്തൽ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഒരുദിനം. ഒരക്ഷരം കുട്ടികൾ കാണുന്ന പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കുക. | ഹ്രസ്വം | ചാർട്ട് | അധ്യാപകൻ |
| | ഒരു ദിനം ഒരു വാക്ക് കുട്ടികൾ കാണുന്ന പൊതു ഇടങ്ങളിൽ ഒരു വാക്ക് പ്രദർശിപ്പിക്കൽ | ദീർഘം | ചാർട്ട് | അധ്യാപകൻ |
| കുട്ടികളിൽ ഉർദു ഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല/ ക്ലാസ്സ് ലൈബ്രറി<br>കുറിപ്പ് തയ്യാറാക്കൽ<br>ദിനാചരണങ്ങൾ<br>സാഹിത്യസമാജം | ദീർഘം | ക്ലാസ്സ് /സ്കൂൾ ലൈബ്രറി | സ്കൂൾ, രക്ഷിതാക്കൾ |
| ഉർദുഭാഷയിൽ എഴുതുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ | സ്കിറ്റ് അവതരണം, ഗസൽ / കവിതാലാപനം, എന്നിവയക്ക് ചാർട്ട് തയ്യാറാക്കൽ. അവതരണം | ദീർഘം | ചാർട്ട്, ഉച്ചഭാഷിണി | PTA |
| ഉർദുഭാഷ സംസാരം ഉറപ്പിക്കുക. | ഡോക്യുമെന്ററി, ന്യൂസ് കാർട്ടൂൺ എന്നിവയുടെ പ്രദർശനം | ദീർഘം | സ്മാർട്ട് റൂം | PTA |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can ! - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെകുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can!! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെവായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Learning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner - വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Run Baby Run - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda - കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പീരിഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്, ആറിന് Role Play, നാടകം എന്നിവ, പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ | വർഷവസാനം | ഇംഗ്ലീഷ് അധ്യാപകർ<br>പി.ടി.എ. ഭാരവാഹികൾ<br>രക്ഷിതാക്കൾ | |
| 5. Language games, puzzles and activities | പദാവലി, വ്യാകരണം, ഭാഷാ വൈദഗ്ധ്യം എന്നിവ ആകർഷകമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന് ഭാഷാ ഗെയിമുകളും പ്രവർത്തനങ്ങളും സംയോജിപ്പിക്കുക.<br>സ്വന്തമായി കഥകൾ, കവിതകൾ, നിഘണ്ടു മുതലായവ സൃഷ്ടിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# ഹിന്ദി – യു.പി. വിഭാഗം

**ലക്ഷ്യം:**

1. ഹിന്ദി ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും തെറ്റില്ലാതെ സംസാരിക്കുന്നതിനും തെറ്റില്ലാതെ ആശയ വ്യക്തതയോടെ എഴുതുന്നതിനും ശേഷി നേടുന്നു.

2. ഹിന്ദി ഭാഷയിൽ എഴുതിയിട്ടുള്ള വിവിധ സാഹിത്യരൂപങ്ങൾ വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും വിവിധ സാഹിത്യരൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവയിൽ സൃഷ്ടികൾ നടത്തുന്നതിനും ശേഷി നേടുന്നു.

# ഹിന്ദി - യു.പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഒഴുക്കോടെ ഹിന്ദിയിൽ ആശയങ്ങൾ കേൾക്കുന്നതനും മനസ്സിലാക്കുന്നതിനുമുള്ള ശേഷി നേടുന്നു. | ജൂൺ ജൂലൈ (ആഴ്ചയിൽ ഒരു ദിവസം) | സി.ഡി., പെൻഡ്രൈവ്, മൊബൈൽ ഫോൺ | 20000 |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി നേടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ (ആഴ്ചയിൽ 3 ദിവസം) | റിക്കോർഡിംഗ് സിസ്റ്റം മൊബൈൽ ലാപ് | 15000 |
| | റീഡിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ ഉള്ള റീഡിംഗ് മെറ്റീരിയൽസ്. പുസ്തകം എന്നിവ വായിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ (ആഴ്ചയിൽ രണ്ട് ദിവസം) | റീഡിംഗ് മെറ്റീരിയൽസ് ലൈബ്രറി പുസ്തകം | 15000 |
| | റൈറ്റിംഗ് | ഗ്രാമർ തെറ്റില്ലാതെ ഹിന്ദിഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു. | നവംബർ ഡിസംബർ (ആഴ്ചയിൽ രണ്ട് ദിവസം) | ചാർട്ട് പേപ്പർ പെൻ | 10000 |
| സർഗ്ഗപരമായ ശേഷി | ആസ്വാദനം | വ്യത്യസ്ഥസാഹിത്യരൂപങ്ങൾ വായിച്ച് ആസ്വദിക്കുന്നു. | ജനുവരി ഫെബ്രുവരി (ആഴ്ചയിൽ രണ്ട് ദിവസം) | ലൈബ്രറി പുസ്തകം | |
| | സർഗ്ഗസൃഷ്ടി | ഹിന്ദിഭാഷയിൽ വിവിധ വ്യവഹാരരൂപങ്ങളിൽ സാഹിത്യസൃഷ്ടി നടത്തുന്നു. | ഫെബ്രുവരി മാർച്ച് (ഒരു ദിവസം) | പേപ്പർ മാർക്കർ പെൻ | 15000 |

# ഹിന്ദി ഭാഷയിലേക്ക് ഒരു ചുവട്‌വെപ്പ്

| പ്രവർത്തനം | കാലം/സമയം | ചുമതല |
|---|---|---|
| ഭാഷാ, ആംഗ്യഭാഷാ ഇവയിലൂടെ ഭാഷയിലെ ആശയം കേട്ട് മനസ്സിലാക്കുന്നു. | ജൂൺ<br>ജൂലൈ<br>പഠനപ്രവർത്തനങ്ങളൊപ്പം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അധ്യാപകർ |
| സിഡിയുടെ സഹായത്തോടെ ലളിതമായ ഹിന്ദി ചിത്രകഥകളും ദൃശ്യങ്ങളും കാണാനും മനസിലാക്കാനും അവസരം | ആഴ്ചയിൽ രണ്ടു ദിവസം | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ഭാഷയിൽ അസംബ്ലി | മാസത്തിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ്<br>ബി.ആർ.സി. |
| പഠനകാര്യങ്ങൾക്ക് പുറമെ പാഠ്യേതര കവിതകളുടെയും നാടകങ്ങളുടെയും സംഭാഷണങ്ങളുടെ ആവിഷ്കാരം (കുട്ടികളുടെ ഗ്രൂപ്പാക്കി നടത്തുന്നു.) | മാസത്തിൽ ഒരിക്കൽ<br>ദീർഘകാലം | |
| പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങളും അനിമേഷൻ സിഡി തയ്യാറാക്ക് അവസരിപ്പിക്കുന്നു. | ജൂൺ മുതൽ ഡിസംബർ | ഹിന്ദി അധ്യാപകർ |
| മാസിക (ഓരോ ക്ലാസ്സിലും) ക്ലാസ്സുകൾ കൈമാറി വായിക്കുന്നു. | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ<br>കുട്ടികൾ |
| പ്രവൃത്തി ദിവസം ഓരോ ഹിന്ദി വാക്കും പൊരുളും പ്രയോഗവും തിരിച്ചറിയുന്നു.<br>പാഠ്യപ്രവർത്തനങ്ങൾ (ക്വിസ്സ്, സംവാദം, പ്രസംഗം, സാഹിത്യരചന, കവിതാലാപനം, ആസ്വാദനകുറിപ്പുകളുടെ അവതരണം പ്രോത്സാഹനവും പരിശീലനവും. | എല്ലാ ദിവസവും<br>ഒരു മണിക്കൂർ | ഹിന്ദി അധ്യാപകർ |

# ഗണിതം – യു.പി. വിഭാഗം

1. ചതുഷ്ക്രിയകളിലെ ആശയങ്ങൾ
2. മട്ടകോണിന്റെയും മറ്റു കോണുകളുടെയും താരതമ്യപഠനം
3. ഗണിത ക്ലബ്ബ്
4. ഗണിത ലാബ്
5. ജ്യാമിതീയ രൂപങ്ങളുടെ പഠനം
6. അളവുകളുടെ വ്യത്യാസം മനസ്സിലാക്കൽ
7. ദശാംശസംഖ്യകളുടെ ചതുഷ്ക്രിയകൾ
8. ഗണിതപഠനം രസകരവും എളുപ്പവും ആക്കുക.
9. മികവാർന്ന കുട്ടികൾക്ക് അധികപരിശീലനം
10. സെമിനാർ സംഘടിപ്പിക്കുക.

# ഗണിതം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം |
|---|---|---|---|---|
| ചതുഷ്ക്രിയകളിലെ ആശയങ്ങൾ | സംഖ്യാബോധം ഉറപ്പിക്കൽ | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ ക്രിയകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | മുത്തകൾ കാർഡുകൾ |
| മട്ടകോണിന്റെ മറ്റു കോണുകളുടെയും താരതമ്യപഠനം | വിവിധ ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ | നിത്യജീവിതത്തിൽ കാണുന്ന വസ്തുക്കളിൽ നിന്ന് കോണളവുകൾ മനസ്സിലാക്കുന്നു. | ആഗസ്റ്റ് | ക്ലോക്ക് ചിത്രങ്ങൾ വസ്തുക്കൾ |
| ഗണിതക്ലബ്ബ് | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ച് ഗണിതക്ലബ് | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വിവിധ പരിപാടികൾ നടപ്പിലാക്കുക. | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ |
| ഗണിതലാബ് | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഗണിത ലാബ് | ചിത്രങ്ങൾ, രൂപങ്ങൾ, മോഡലുകൾ തയ്യാറാക്കുക. | ഒക്ടോബർ | അധ്യാപകർ കുട്ടികൾ |
| ജ്യാമിതീയ ഉപകരണങ്ങൾ | ഗണിതക്ലബ് പ്രവർത്തനങ്ങൾ | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം - വശങ്ങളുടെ എണ്ണം മനസ്സിലാക്കി തിരിച്ചറിയുന്നു. | നവംബർ | പെൻ, പേപ്പർ ചാർട്ട്, കാർഡ്ബോർഡുകൾ |
| അളവുകളുടെ വ്യത്യാസം മനസ്സിലാക്കൽ | അളവുപകരണങ്ങളുടെ നിർമ്മാണവും പ്രവർത്തനവും | പ്രായോഗികജീവിതത്തിൽ അളവുകളെ ബന്ധിപ്പിച്ചു മനസ്സിലാക്കുന്നു. | നവംബർ ഡിസംബർ | അളവ് പാത്രങ്ങൾ ചിത്രങ്ങൾ |

# ഗണിതം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം |
|---|---|---|---|---|
| ദശാംശസംഖ്യകളുടെ ചതുഷ്ക്രിയകൾ | സംഖ്യാബോധവും ഉറപ്പിക്കുന്നു. | ദശാംശസംഖ്യകൾ മനസ്സിലാക്കി ക്രിയകൾ ഉറപ്പിക്കുന്നു. | ഡിസംബർ | സ്ഥാനവില കാർഡുകൾ സ്കെയിൽ |
| ഗണിതപഠനം ആസ്വാദ്യകരമാക്കുക. | വീഡിയോകൾ കാണിച്ചുകൊണ്ട് ഗണിതപഠനം നടത്തുന്നു. | ICT സാധ്യതകൾ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുന്നു. | ഒരു ആഴ്ച | ICT SRG |
| മികവാർന്ന കുട്ടികൾക്ക് അധികപരിശീലനം | ന്യൂമാറ്റ്സ്, യു.എസ്.എസ്. കുട്ടികൾക്ക് പരിശീലനം | പ്രതിഭകളായ കുട്ടികളെ കണ്ടെത്തി പ്രത്യേകം പരിശീലനം | ഡിസംബർ ജനുവരി | മാതൃക ചോദ്യങ്ങൾ വർക്ക് ഷീറ്റ് |
| സെമിനാർ സംഘടിപ്പിക്കുക. | ഗണിതസെമിനാറുകൾ സംഘടിപ്പിക്കുന്നു. | ഗണിതപഠനം ആസ്വാദ്യകരമാക്കുക, മികവാർന്ന കുട്ടികളെ കണ്ടെത്തുക. | ഫെബ്രുവരി മാർച്ച് | ഗണിതക്ലബ്ബ് |

# അടിസ്ഥാനശാസ്ത്രം – യു.പി. വിഭാഗം

## ലക്ഷ്യങ്ങൾ

1. ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക.
2. ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക.
3. ശാസ്ത്രസംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കിടുക.
4. കുട്ടികളിൽ നിരീക്ഷണ - പരീക്ഷണ പാടവം വളർത്തുക.
5. മികച്ച ശാസ്ത്ര പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി നിലവാരമുയർത്തുക.
6. ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികളുടെ നേതൃത്വ ത്തിൽ നിർമ്മിക്കുക.

# മേഖല യു.പി. അടിസ്ഥാനശാസ്ത്രം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതിക | സാമ്പത്തികം |
|---|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രകിറ്റ് തയ്യാറാക്കൽ | ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക. | ജൂൺ ജൂലൈ | പി.ടി.എ. എസ്.സ്.ജി. | 50000 |
| 2 ശാസ്ത്രവും സമൂഹവും | സയൻസ് സെമിനാർ ശാസ്ത്ര ചുമർ നിർമ്മാണം | ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക. | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് ക്ലബ്ബ് ബി.ആർ.സി. | 10000 |
| 3. നൂതന ആശയങ്ങൾ | ശാസ്ത്രോത്സവം എക്സിബിഷൻ | ശാസ്ത്രസംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുക. | ഒക്ടോബർ നവംബർ | സയൻസ് ക്ലബ്ബ് ബി. ആർ.സി. | 10000 |
| 4. പരീക്ഷണ നിരീക്ഷണങ്ങൾ | ഒരു നൂറ് പരീക്ഷണങ്ങൾ | കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രഭിരുചി വളർത്തുക. | ഡിസംബർ ജനുവരി | ലാബ് വിദഗ്ധർ പി.ടി.എ. | 15000 |
| 5. മികവ് | ടാലന്റ് ഹണ്ട് | മികച്ച ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | വിദഗ്ധർ എസ്.എസ്. ജി. | 10000 |
| 6. ശാസ്ത്രപുസ്തക നിർമ്മാണം | പാഠപുസ്തക രചന | ശാസ്ത്ര സംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇന്റർനെറ്റ് കമ്പ്യൂട്ടർ പ്രിന്റർ | 10000 |

# മേഖല യു.പി. അടിസ്ഥാനശാസ്ത്രം

| ശേഷി | പ്രവർത്തനം | സമയം/കാലം | ചുമതല | ഭൗതിക | ഹ്രസ്വം/ ദീർഘം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. ശാസ്ത്രാ ഭിരുചി വളർത്തൽ | **ശാസ്ത്രകിറ്റ് തയ്യാറാക്കൽ** യൂണിറ്റിലെ പ്രവർത്തനങ്ങളും ചെയ്യുന്നതിനായവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്ര ക്വിറ്റ് തയ്യാറാക്കുന്നു. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ശാസ്ത്രകിറ്റ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ ജൂലൈ | സയൻസ് അധ്യാപകർ | പി.ടി.എ. | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 2. ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക. | **ശാസ്ത്ര ചുമർ നിർമ്മാണം** ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, കണ്ടെത്തലുകൾ, വാർത്തകൾ തുടങ്ങിയവ ഉപയോഗിച്ച് ചുമർ ആകർഷകമാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് അധ്യാപകർ കുട്ടികൾ | സയൻസ് ക്ലബ്ബ് | ഹ്രസ്വം | സെൽഫ് |
| 3. നൂതന ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | **ശാസ്ത്രസംബന്ധിയായ പതിപ്പുകൾ** ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് എക്സിബിഷൻ | ഒക്ടോബർ നവംബർ | സയൻസ് ക്ലബ്ബ് അധ്യാപകർ | പി.ടി.എ. എസ്.എസ്.ജി | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 4. ഫുഡ് ഫെസ്റ്റ് | വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മയും ആവശ്യകതയും തിരിച്ചറിയാനും തരംതിരിക്കാനും | ജനുവരി | സയൻസ് അധ്യാപകർ | പി.ടി.എ. | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 5. ഫീൽഡ് ട്രിപ്പ് | II WM സന്ദർശിക്കൽ | ജനുവരി | സയൻസ് | പി.ടി.എ. | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |

# സാമൂഹ്യശാസ്ത്രം – യു.പി. വിഭാഗം

**ലക്ഷ്യം**

1. ചരിത്രബോധം വളർത്തിയെടുക്കൽ
2. തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം
3. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം
4. തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ
5. ജനാധിപത്യബോദവും പൗരധർമ്മവും വളർത്തൽ
6. മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ പങ്കാളിത്തം
7. സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.
8. ഭൂപടനിർമ്മാണ ശേഷി- ഇന്ത്യ, കേരളം
9. അറ്റ്ലസ് നിർമ്മാണശേഷി
10. ഗ്ലോബ് നിർമ്മാണശേഷി
11. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം
12. നവോത്ഥാന നായകരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ.

# സാമൂഹ്യശാസ്ത്രം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ചരിത്ര ബോധം | •പുരാവസ്തുപ്രദർശനം<br>മ്യൂസിയം സന്ദർശനം<br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ<br>•ഫീൽഡ് ട്രിപ്പ് | • തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം<br>• ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം<br>• കാര്യങ്ങൾ കണ്ടു മനസിലാക്കാനുള്ള അവസരം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | പി.ടി.എ. | |
| 2. ജനാധിപത്യബോധം<br>•പൗരബോധം | •തെരഞ്ഞെടുപ്പ് പ്രക്രിയ<br>•മോഡൽ പാർലമെന്റ്<br>•പ്രസംഗക്കളരി | •ജനാധിപത്യസമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | |
| 3.ഭൂപടവായന ശേഷി | •അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം<br>മാഗസിൻ<br>ചുമർപത്രിക<br>പതിപ്പ് | •സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു.<br><br>•ഭൂപട വായനാശേഷി വളർത്തൽ, ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമ്മാണ നൈപുണി നേടൽ | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ചാർട്ട്<br>മാപ്പ് | |
| 4. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം. | •ലാബ് ആകർഷകമാക്കൽ<br>•ചിത്രീകരണം<br>•നിശ്ചലമാതൃകകൾ, പ്രവർത്തന മാതൃകകൾ | •ലാബ് നവീകരണത്തിലൂടെ സാമൂഹ്യശാസ്ത്രേതര അവബോധം | | ചാർട്ട്<br>പെയിന്റ്<br>വിവിധ മോഡലുകൾ | |

# സാമൂഹ്യശാസ്ത്രം

| ശേഷി | പ്രവർത്തനം |
|---|---|
| 1. കുട്ടികളിൽ ചരിത്ര ബോധം വളർത്തിയെടുക്കൽ | • പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>• പുരാവസ്തു പ്രദർശനം<br>• മ്യൂസിയം സന്ദർശനം<br>• സ്കൂൾ ചരിത്രമ്യൂസിയം തയ്യാറാക്കൽ |
| 2. ജനാധിപത്യബോധവും പൗരബോധവും പൗരധർമ്മവും വളർത്തുക. | • സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>• ഇലക്ഷൻ വിജ്ഞാപനം<br>• നാമനിർദ്ദേശിക പത്രിക സ്വീകരിക്കൽ<br>• സൂക്ഷ്മനിരീക്ഷണം<br>• പിൻവലിക്കൽ<br>• വോട്ടെടുപ്പ് (ബാലറ്റ് പേപ്പർ ഉപയോഗിച്ച്)<br>• ഫലപ്രഖ്യാപനം<br>• സത്യപ്രതിജ്ഞ<br>• മോഡൽ പാർലമെന്റ് രൂപീകരണം<br>• വകുപ്പുകളുടെ ചുമതല<br>• പാർലമെന്റ് സഭ ചേരൽ<br>• പ്രസംഗക്കളരി |
| 3. ഭൂപടവായനാ ശേഷി വളർത്തൽ | • ഭൂപട നിരമ്മാണം<br>• അറ്റ്ലസ് നിർമ്മാണം<br>• ഇന്ത്യൻ ഭൂപടം - സംസ്ഥാനങ്ങൾ തിരിച്ചറിയൽ<br>• കേരളഭൂപടം - ജില്ലകൾ തിരിച്ചറിയൽ |
| 4. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | • സാമൂഹ്യശാസ്ത്ര ലാബ് ആകർഷകമാക്കൽ<br>• ചിത്രീകരണം<br>• വിവിധ നിശ്ചലമാതൃകകൾ, പ്രവർത്തന മാതൃകകൾ നിർമ്മിക്കൽ |

# സാമൂഹ്യശാസ്ത്രം

| കാലം/സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|
| ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | എസ്.എസ്.ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ. | എസ്.എസ്.ജി. |
| ആഗസ്റ്റു<br>മുതൽ<br>ഫെബ്രുവരി<br>വരെ | എസ്.എസ്. ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ. | എസ്.എസ്.ജി. |
| ഒക്ടോബർ<br>നവംബർ<br>ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പഠനവിഭവ സിഡി,<br>ഗ്ലോബ്, മാപ്പ്, അറ്റ്ലസ് | എസ്.എസ്.ജി. |
| ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | പെയിന്റ് ചാർട്ട്<br>വിവിധ മോഡലുകൾ | എസ്.എസ്.ഇ. |

# ഉപസംഹാരം

എം.ജി.എം. ഹയർ സെക്കന്ററി സ്കൂളിന്റെ യു.പി. വിഭാഗം അക്കാദമിക് മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി കൃത്യമായ ലക്ഷ്യബോധ്യത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വോത്മുഖമായ വിദ്യാഭ്യസം ആണ് ഈ ഗുണമേന്മ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായകൊണ്ട് സ്കൂളിന് സാധിക്കുമെന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.

വിശ്വസ്തതയോടെ,

**ജോജി ജോൺ**
(SRG കൺവീനർ, യു.പി. വിഭാഗം)
എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ,
ഈങ്ങാപ്പുഴ

**അനീഷ് ജോർജ്ജ്**
ഹെഡ്മാസ്റ്റർ
എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ,
ഈങ്ങാപ്പുഴ

Prepared & Edited by,

**പ്രോസി പി.**

**റോഷ്നി സ്കറിയ**

എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ, ഈങ്ങാപ്പുഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

## യു.പി. വിഭാഗം

### എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ
### ഈങ്ങാപ്പുഴ

## പൊതുവിദ്യാഭ്യാസ
## സമഗ്രഗുണമേന്മ പദ്ധതി

***വിഷൻ 2025–26***